**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360</u>** **<u>18-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വേനൽച്ചൂട് വർദ്ധിക്കുന്നതോടൊപ്പം വൈദ്യുതി ഉപഭോഗവും വർദ്ധിക്കുന്നത് കണക്കിലെടുത്ത് തടസ്സമില്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ പദ്ധതിയായ ദ്യുതി 1, വിതരണ രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പ് വരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കി വരുന്ന ദ്യുതി-2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നിവയാണ് വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനു കെ.എസ്.ഇ.ബി.എൽ. പ്രധാനമായും നടപ്പിലാക്കി വരുന്ന പദ്ധതികൾ.<br><br>എന്നാൽ 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം മൂലം ക്രമാതീതവും അപ്രതീക്ഷിതവുമായ ലോഡ് വർദ്ധനവ് കെ.എസ്.ഇ.ബി.എൽ. ശൃംഖലയിൽ (ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും) ഉണ്ടായി. എയർ കണ്ടീഷണറുകളുടെയും വൈദ്യുതി വാഹനങ്ങളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവ് ഡിമാൻഡ് കൂടാൻ പ്രധാനമായും കാരണമായി.<br><br>ഇത്തരത്തിലുണ്ടാകുന്ന ലോഡ് വർദ്ധനവ് മുൻനിർത്തി ദ്യുതി-2, RDSS പദ്ധതികളിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതാതു പ്രദേശത്തെ നിലവിലെ സാഹചര്യം മുൻനിർത്തി വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം നേരിടുന്നതിനായുള്ള കൂടുതൽ പ്രവൃത്തികൾ ഫീൽഡ് തലത്തിൽ ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിലവിലെ പ്രവൃത്തികളിൽ മാറ്റം വരുത്തുന്നതിനും പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനും വരുംവർഷങ്ങളിലെ പ്രവൃത്തികൾ 2024-25-ൽ തന്നെ ചെയ്യുന്നതിനും ഫീൽഡ് |

| | | | |
|---|---|---|---|
| | | | ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.<br><br>ഉഷ്ണ തരംഗം മൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർദ്ധനവ് കാസർഗോഡ്, മലപ്പുറം, ഇടുക്കി ജില്ലകളിലെ ഊർജ്ജാവശ്യകത നിറവേറ്റാൻ ദ്യുതി-2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാക്കുകയും ഈ ജില്ലകൾക്കായി ദ്യുതി-2.0 പദ്ധതിയിൽ 2026-27 വരെ നടപ്പിലാക്കാനായി 1023.04 കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയും അവയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.<br><br>ലോഡ് വർദ്ധനവ് അഭിമുഖീകരിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ, ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിങ് ഉൾപ്പെടെ 705 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 635 കോടി രൂപയുടെ പ്രവൃത്തികൾ 2024 – 2025-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.<br><br>ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിനായി 1900 ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കുന്നതിനും ദ്യുതി-2 ഉൾപ്പെടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ RDSS പദ്ധതിയിൽ, 1802 ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വേനൽകാലത്ത് അനുഭവപ്പെട്ടേക്കാവുന്ന വർദ്ധിച്ച വൈദ്യുതി ഉപയോഗം തടസമില്ലാതെ നിറവേറ്റുന്നതിനായി ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. ഇപ്രകാരം ഹ്രസ്വകാല കരാർ പ്രകാരവും പവർ സ്വാപ്പിങ് മുഖേനയും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. ആഭ്യന്തര ഉത്പാദനം പരമാവധി ലഭിക്കുന്നതിനായി ജനറേറ്ററുകളുടെ അറ്റകുറ്റപണി സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റായിരുന്നുവെന്ന് അറിയിക്കുമോ; ഈ | (ബി) | കഴിഞ്ഞ വേനൽക്കാലത്ത് സംസ്ഥാനത്ത് രേഖപ്പെടുത്തിയ പരമാവധി ഉപഭോഗം 115.95 |

| | | | |
|---|---|---|---|
| | വേനൽക്കാലത്ത് ഇത് എത്രയായി ഉയരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | ദശലക്ഷം യൂണിറ്റ് ആയിരുന്നു. ഈ വർഷം ഇത് 120 ദശലക്ഷം യൂണിറ്റ് എന്ന് കണക്കാക്കിയിരിക്കുന്നു. |
| (സി) | വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം പരിഗണിച്ച് അധിക വൈദ്യുതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്രത്തിൽ നിന്നും അധിക വൈദ്യുതി ലഭിക്കുമോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ-ന്റെയും നിരന്തര അഭ്യർത്ഥന പ്രകാരം വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയും 2025 വർഷത്തെ വേനൽക്കാലത്തെ അധിക ഊർജ്ജ ആവശ്യവും മുന്നിൽ കണ്ടു 2024 ഒക്ടോബർ മുതൽ തന്നെ കേന്ദ്രവിഹിതമായി NTPC യുടെ ബാർ നിലയത്തിൽ നിന്നും 177 MW അധിക വിഹിതം ലഭ്യമായിരുന്നു. 2025 മാർച്ച് വരെയാണ് ഇത് ആദ്യം അനുവദിച്ചിട്ടുണ്ടായിരുന്നത്. തുടർന്ന് സംസ്ഥാനത്തിന്റെ വേനൽക്കാല ആവശ്യകത കൂടി പരിഗണിച്ച 2025 ജൂൺ മാസം വരെ ഈ വിഹിതം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിലവിൽ 2025 ജൂൺ 30 വരെ നീട്ടി നൽകിയിട്ടുണ്ട്. ഇതിനു പുറമെ NTPC നിലയങ്ങളിൽ നിന്നും 400-450MW വൈദ്യുതി വിഹിതവും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ 2025 മാർച്ച് മാസത്തേക്ക് 300 മെഗാവാട്ടും ഏപ്രിൽ മാസത്തേക്ക് 695 മെഗാവാട്ടും, മെയ് മാസത്തേക്ക് 250 മെഗാവാട്ടും മുഴുവൻ സമയ ലഭ്യതയിൽ വൈദ്യുതി വാങ്ങുവാനുള്ള ഹ്രസ്വകാല കരാറിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ അധിക വൈദ്യുതി ആവശ്യമായി വരുന്ന പീക്ക് സമയത്തേക്ക് ഏപ്രിലിലും മേയിലും 355 മെഗാവാട്ട് വീതമുള്ള ഹ്രസ്വ കാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ അനുഭവപ്പെടുന്ന കടുത്ത വേനൽ മൂലം ഉപഭോഗം ക്രമാതീതമായി ഉയരുന്നതിനാൽ ഏപ്രിൽ മെയ് മാസങ്ങളിലെ അധിക ആവശ്യകത നിറവേറ്റാനായി ഒരു ഹ്രസ്വകാല ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ കെ.എസ്.ഇ.ബി.എൽ. വിവിധ ബാങ്കിങ്/കൈമാറ്റ കരാറുകളിലും ഏർപ്പെടുകയുണ്ടായി. ഇത് പ്രകാരം 2024 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ കെ.എസ്.ഇ.ബി.എൽ. നൽകിയ വൈദ്യുതി സംസ്ഥാനത്തിന് വൈദ്യുതി അധികം ആവശ്യമുള്ള 2025 ഏപ്രിൽ മാസത്തിൽ തിരികെ ലഭ്യമാവുന്നതാണ്. ഇതിനു പുറമെ 2025 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കായി മറ്റു ബാങ്കിങ് കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ഇപ്രകാരമാണ്.<br><br>പഞ്ചാബ് PSPCL \| 308 MW \| 01.04.25 to 30.04.25 |

| | | |
|---|---|---|
| പഞ്ചാബ് PSPCL | 145 MW | 01.04.25 to 15.04.25 |
| മണിഹരൺ | 160 MW | 16.03.25 to 31.05.25 |
| ഉത്തർ പ്രദേശ് UPPCL | 400 MW | 01.03.25 to 31.03.25 |
| അരുണാചൽ പ്രദേശ് APPCPL | 250 MW | 01.03.25 to 31.03.25 |
| APPCPL | 52.5 MW | 01.04.25 to 30.04.25 |
| UP | 200-500 MW | 01.03.25 to 31.03.25 |
| PSPCL | 100-200 MW | 01.03.25 to 15.04.25 |

പ്രസ്തുത മാസങ്ങളിൽ ലഭ്യമാവുന്ന വൈദ്യുതി 2025 ജൂൺ-സെപ്റ്റംബർ മാസങ്ങളിൽ തിരിച്ച് നൽകേണ്ടതാണ്.

കേരളത്തിന്റെ ആവശ്യകത പരിഗണിച്ച് കേന്ദ്ര വൈദ്യുതി മന്ത്രാലയം എൻടിപിസിയുടെ ബാർ I, ബാർ II എന്നീ താപനിലയങ്ങളിൽ നിന്ന് കേരളത്തിന് 177 മെഗാവാട്ട് അധിക വൈദ്യുതി ഒക്ടോബർ 2024 മുതൽ ജൂൺ 2025 വരെ അനുവദിച്ചു തന്നിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ഹ്രസ്വകാല കരാർ പ്രകാരവും പവർ സ്വാപ്പിങ് മുഖേനയും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കേന്ദ്രത്തിൽ നിന്നും ആവശ്യമുള്ള വൈദ്യുതി ലഭിക്കാതെ വന്നാൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ-ന്റെയും നിരന്തര അഭ്യർത്ഥന പ്രകാരം വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയും 2025 വർഷത്തെ വേനൽക്കാലത്തെ അധിക ഊർജ്ജ ആവശ്യവും മുന്നിൽ കണ്ടു 2024 ഒക്ടോബർ മുതൽ തന്നെ കേന്ദ്രവിഹിതമായി NTPC യുടെ ബാർ നിലയത്തിൽ നിന്നും 177 MW അധിക വിഹിതം ലഭ്യമായിരുന്നു. 2025 മാർച്ച് വരെയാണ് ഇത് ആദ്യം അനുവദിച്ചിട്ടുണ്ടായിരുന്നത്. തുടർന്ന് സംസ്ഥാനത്തിന്റെ വേനൽക്കാല ആവശ്യകത കൂടി പരിഗണിച്ചു 2025 ജൂൺ മാസം വരെ ഈ വിഹിതം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിലവിൽ 2025 ജൂൺ 30 വരെ നീട്ടി നൽകിയിട്ടുണ്ട്. ഇതിനു പുറമെ NTPC നിലയങ്ങളിൽ |

നീന്നും 400-450MW വൈദ്യുതി വിഹിതവും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കൂടാതെ 2025 മാർച്ച് മാസത്തേക്ക് 300 മെഗാവാട്ടും ഏപ്രിൽ മാസത്തേക്ക് 695 മെഗാവാട്ടും, മെയ് മാസത്തേക്ക് 250 മെഗാവാട്ടും മുഴുവൻ സമയ ലഭ്യതയിൽ വൈദ്യുതി വാങ്ങുവാനുള്ള ഹ്രസ്വകാല കരാറിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ അധിക വൈദ്യുതി ആവശ്യമായി വരുന്ന പീക്ക് സമയത്തേക്ക് ഏപ്രിലിലും മേയിലും 355 മെഗാവാട്ട് വീതമുള്ള ഹ്രസ്വ കാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ അനുഭവപ്പെടുന്ന കടുത്ത വേനൽ മൂലം ഉപഭോഗം ക്രമാതീതമായി ഉയരുന്നതിനാൽ ഏപ്രിൽ മെയ് മാസങ്ങളിലെ അധിക ആവശ്യകത നിറവേറ്റാനായി ഒരു ഹ്രസ്വകാല ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

ഇതിനു പുറമെ കെ.എസ്.ഇ.ബി.എൽ. വിവിധ ബാങ്കിങ്/കൈമാറ്റ കരാറുകളിലും ഏർപ്പെടുകയുണ്ടായി. ഇത് പ്രകാരം 2024 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ കെ.എസ്.ഇ.ബി.എൽ. നൽകിയ വൈദ്യുതി സംസ്ഥാനത്തിന് വൈദ്യുതി അധികം ആവശ്യമുള്ള 2025 ഏപ്രിൽ മാസത്തിൽ തിരികെ ലഭ്യമാവുന്നതാണ്. ഇതിനു പുറമെ 2025 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കായി മറ്റു ബാങ്കിങ് കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| പഞ്ചാബ് PSPCL | 308 MW | 01.04.25 to 30.04.25 |
| പഞ്ചാബ് PSPCL | 145 MW | 01.04.25 to 15.04.25 |
| മണിഹരൺ | 160 MW | 16.03.25 to 31.05.25 |
| ഉത്തർ പ്രദേശ് UPPCL | 400 MW | 01.03.25 to 31.03.25 |
| അരുണാചൽ പ്രദേശ് APPCPL | 250 MW | 01.03.25 to 31.03.25 |
| APPCPL | 52.5 MW | 01.04.25 to 30.04.25 |
| UP | 200-500 MW | 01.03.25 to 31.03.25 |

<table>
<tr>
<td></td>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>PSPCL</td><td>100-200 MW</td><td>01.03.25 to 15.04.25</td></tr>
</table>
പ്രസ്തുത മാസങ്ങളിൽ ലഭ്യമാവുന്ന വൈദ്യുതി 2025 ജൂൺ-സെപ്റ്റംബർ മാസങ്ങളിൽ തിരിച്ച് നൽകേണ്ടതാണ്.
കേരളത്തിന്റെ ആവശ്യകത പരിഗണിച്ച് കേന്ദ്ര വൈദ്യുതി മന്ത്രാലയം എൻടിപിസിയുടെ ബാർ I, ബാർ II എന്നീ താപനിലയങ്ങളിൽ നിന്ന് കേരളത്തിന് 177 മെഗാവാട്ട് അധിക വൈദ്യുതി ഒക്ടോബർ 2024 മുതൽ ജൂൺ 2025 വരെ അനുവദിച്ച് തന്നിട്ടുണ്ട്.
സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ഹ്രസ്വകാല കരാർ പ്രകാരവും പവർ സ്വാപ്പിങ് മുഖേനയും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ